# PSC Assistant Project Engineer in Kerala Land Development Corporation Ltd Examination Previous Year Question Paper

*Exam Name: Assistant Project Engineer in Kerala Land Development Corporation Ltd*

*Question Paper Code: 04/2014 M*

*Medium of Questions: Malayalam*

# 4/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. കേരളത്തിൽ ആദ്യ തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിച്ചത് എവിടെ?
   - (A) തളങ്കര
   - (B) ബേപ്പൂർ
   - (C) കുണ്ടറ
   - (D) നീണ്ടകര

2. ചാന്നാർ ലഹളയ്ക്ക് ആധാരമായ പ്രശ്നം പരിഹരിച്ചുകൊണ്ട് രാജകീയ വിളംബരം പുറപ്പെടുവിച്ച വർഷം :
   - (A) 1759
   - (B) 1859
   - (C) 1858
   - (D) 1758

3. നിരഞ്ജനയുടെ 'ചിരസ്മരണ' ഏത് സമരത്തെ ആസ്പദമാക്കിയ നോവലാണ്?
   - (A) പുന്നപ്ര-വയലാർ സമരം
   - (B) മലബാർ കലാപം
   - (C) കയ്യൂർ സമരം
   - (D) കുറിച്യർ ലഹള

4. ചുവന്ന ഗ്രഹം എന്നറിയപ്പെടുന്നത് :
   - (A) ബുധൻ
   - (B) വ്യാഴം
   - (C) ചൊവ്വ
   - (D) ശുക്രൻ

5. താഴെ പറയുന്നവയിൽ ആലപ്പുഴയ്ക്ക് യോജിക്കാത്തത് :
   - (A) സാംസ്കാരിക നഗരം
   - (B) ജലോത്സവങ്ങളുടെ നാട്
   - (C) കിഴക്കിന്റെ വെനീസ്
   - (D) രാജാ കേശവദാസ് സ്ഥാപിച്ചത്

6. അയിത്തോച്ചാരണത്തിനെതിരെ നടന്ന പോരാട്ടത്തിൽ സമരസേനാനി എ.ജി. വേലായുധൻ രക്തസാക്ഷിയായത് ഏത് സത്യാഗ്രഹവുമായി ബന്ധപ്പെട്ടാണ്?
   - (A) വൈക്കം സത്യാഗ്രഹം
   - (B) പാലിയം സത്യാഗ്രഹം
   - (C) അമരാവതി സത്യാഗ്രഹം
   - (D) ഗുരുവായൂർ സത്യാഗ്രഹം

7. ഐക്യരാഷ്ട്രസഭയുടെ ഇപ്പോഴത്തെ സെക്രട്ടറി ജനറൽ :
   - (A) കോഫി അന്നൻ
   - (B) ട്രിഗ്വേലി
   - (C) ജാവിയർ പെരസ് ഡിക്വയർ
   - (D) ബാൻ-കി-മൂൺ

8. ഏത് രാജ്യത്തിന്റെ ബഹിരാകാശ സഞ്ചാരിയാണ് 'കോസ്മോനോട്ട്' എന്ന പേരിൽ അറിയപ്പെടുന്നത്?
   - (A) ഇന്ത്യ
   - (B) റഷ്യ
   - (C) ഫ്രാൻസ്
   - (D) അമേരിക്ക



www.pscnet.in fb.com/pscnet.in

9. ലോകസഭയുടെ ആദ്യ വനിതാ സ്പീക്കർ :
(A) നജ്മ അബ്ദുല്ല
(B) സുചേതാ കൃപലാനി
(C) മീരാകുമാർ
(D) വിജയലക്ഷ്മി പണ്ഡിറ്റ്

10. കേരളത്തിൽ ഏറ്റവും കൂടുതൽ ബോക്സൈറ്റ് നിക്ഷേപം കണ്ടെത്തിയ സ്ഥലം :
(A) നീലേശ്വരം
(B) ചവറ
(C) കാഞ്ഞങ്ങാട്
(D) വൈത്തിരി

11. 'കർഷകരുടെ മാഗ്നാകാർട്ട' എന്ന പേരിൽ അറിയപ്പെടുന്ന തിരുവിതാംകൂർ വിളംബരം :
(A) ക്ഷേത്രപ്രവേശന വിളംബരം
(B) ജന്മി-കുടിയാൻ വിളംബരം
(C) 5-ാം നമ്പർ റഗുലേഷൻ
(D) പണ്ടാരപ്പാട്ട വിളംബരം

12. കേരളത്തിലെ ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷൻ :
(A) പ്രഭാത് പട്നായക്
(B) എം.എ. ഉമ്മൻ
(C) കെ.എം. ചന്ദ്രശേഖരൻ
(D) കെ.എം. മാണി

13. കമ്പ്യൂട്ടർ സാക്ഷരതാദിനം :
(A) ജൂലൈ 5
(B) സെപ്തംബർ 5
(C) നവംബർ 5
(D) ജൂൺ 5

14. ഗാന്ധിജിയുടെ പ്രേരണയാൽ വൈക്കം സത്യാഗ്രഹ ക്യാമ്പ് സന്ദർശിച്ച ദേശീയ നേതാവ് :
(A) മദൻ മോഹൻ മാളവ്യ
(B) ജവഹർലാൽ നെഹ്റു
(C) ഡോ. ആനിബസന്റ്
(D) ആചാര്യ വിനോബ ഭാവെ

15. 2012-ലെ മികച്ച രണ്ടാമത്തെ നടനുള്ള സംസ്ഥാന സിനിമ അവാർഡ് ലഭിച്ച വ്യക്തി :
(A) നെടുമുടി വേണു
(B) മനോജ് കെ. ജയൻ
(C) ലാൽ
(D) പൃഥ്വിരാജ്

16. അയിത്തോച്ചാടനം കോൺഗ്രസ്സിന്റെ പരിപാടിയായി അംഗീകരിച്ച സമ്മേളനം :
(A) കാക്കിനാഡ സമ്മേളനം
(B) ലക്നൗ സമ്മേളനം
(C) സൂറത്ത് സമ്മേളനം
(D) ഹരിപ്പുര സമ്മേളനം

17. ഡോ. പൽപ്പു നേതൃത്വം കൊടുത്ത സാമൂഹിക പരിഷ്കരണ പ്രസ്ഥാനം :
(A) പുലയ മഹാസഭ
(B) സഹോദരസംഘം
(C) എസ്.എൻ.ഡി.പി.
(D) എൻ.എസ്.എസ്.

www.pscnet.in fb.com/pscnet.in

18. 'ഒന്നേകാൽക്കോടി മലയാളികൾ' എന്ന ഗ്രന്ഥം രചിച്ചത് ആര്?
    (A) കെ. കേളപ്പൻ
    (B) ഇ.എം.എസ്സ്
    (C) സി. അച്യുത മേനോൻ
    (D) എ.കെ. ഗോപാലൻ

19. 'വിഷുവം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് :
    (A) ഭൂമിയിൽ രാത്രി കൂടുതലും പകൽ കുറവും അനുഭവപ്പെടുന്ന ദിവസം
    (B) ഭൂമിയിൽ രാത്രി കുറവും പകൽ കൂടുതലും അനുഭവപ്പെടുന്ന ദിവസം
    (C) ഭൂമിയിൽ രാത്രിയും പകലും തുല്യമായി വരുന്ന ദിവസം
    (D) ഇതൊന്നുമല്ല

20. കേരളത്തിലെ ഏക കന്റോൺമെന്റ് :
    (A) കൊച്ചി
    (B) ഏഴിമല
    (C) പാങ്ങോട്
    (D) കണ്ണൂർ

21. 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്ന മുദ്രാവാക്യം ആരുടേതാണ്?
    (A) ശ്രീനാരായണഗുരു
    (B) അയ്യൻകാളി
    (C) കുമാരനാശാൻ
    (D) സഹോദരൻ അയ്യപ്പൻ

22. ആഷസ് ക്രിക്കറ്റ് പരമ്പരയിൽ പങ്കാളികളായ രാജ്യങ്ങൾ :
    (A) ഇംഗ്ലണ്ട്, ആസ്ട്രേലിയ
    (B) ആസ്ട്രേലിയ, ന്യൂസിലാന്റ്
    (C) ഇംഗ്ലണ്ട്, ന്യൂസിലാന്റ്
    (D) ഇംഗ്ലണ്ട്, ഇന്ത്യ

23. മലയാളത്തിലെ ആദ്യ യാത്രാവിവരണം ആരുടേതാണ്?
    (A) കരിയാറ്റിൽ ഔസേപ്പ് കത്തനാർ
    (B) പാറേമാക്കിൽ തോമാ കത്തനാർ
    (C) ഹെർമ്മൻ ഗുണ്ടർട്ട്
    (D) ഫാദർ ബാർത്തലോമിയോ

24. വൈക്കം സത്യാഗ്രഹ സമയത്തെ തിരുവിതാംകൂർ ഭരണാധികാരി :
    (A) ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ
    (B) ശ്രീമൂലം തിരുനാൾ
    (C) മഹാറാണി സേതുലക്ഷ്മിഭായ്
    (D) ഉത്രാടം തിരുനാൾ

25. 2014 ലെ ലോകകപ്പ് ഫുട്ബോളിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം :
    (A) ദക്ഷിണാഫ്രിക്ക
    (B) അർജന്റീന
    (C) ദക്ഷിണ കൊറിയ
    (D) ബ്രസീൽ

26. ഗാന്ധിജിയുടെ രാഷ്ട്രീയ ഗുരു :
    (A) ബാലഗംഗാധര തിലക്
    (B) ഗോപാലകൃഷ്ണ ഗോഖലെ
    (C) ലാലാ ലജ്പത് റായ്
    (D) സുബ്രഹ്മണ്യ അയ്യർ



www.pscnet.in fb.com/pscnet.in

27. 'സരസ്വതി സമ്മാൻ' പുരസ്കാരം അവസാനമായി നേടിയ മലയാളി :
(A) ബാലാമണിയമ്മ
(B) ഒ.എൻ.വി. കുറുപ്പ്
(C) സച്ചിദാനന്ദൻ
(D) സുഗതകുമാരി

28. ആംനസ്റ്റി ഇന്റർനാഷണലിന്റെ ആസ്ഥാനം :
(A) ലണ്ടൻ
(B) ന്യൂയോർക്ക്
(C) വിയന്ന
(D) പാരീസ്

29. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതൊക്കെ സംസ്ക്കാരങ്ങളുടെ സങ്കലനമാണ് 'ഗാന്ധാരകല'?
(A) ഇന്ത്യ-പേർഷ്യ
(B) ഇന്ത്യ-ചൈന
(C) ഇന്ത്യ-ഗ്രീക്ക്
(D) ഇന്ത്യ-റോമൻ

30. ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന പർവ്വതനിര :
(A) കാറക്കോറം
(B) കാഞ്ചൻജംഗ
(C) എവറസ്റ്റ്
(D) ആരവല്ലി

31. റവറന്റ് മീഡ് അംഗമായ മിഷൻ സൊസൈറ്റി :
(A) സി.എം.എസ്സ്. മിഷൻ
(B) ബാസൽ മിഷൻ
(C) ലണ്ടൻ മിഷൻ
(D) രാമകൃഷ്ണ മിഷൻ

32. ശ്രീനാരായണഗുരു സമാധിയായ സ്ഥലം :
(A) അരുവിപ്പുറം
(B) വർക്കല
(C) കാലടി
(D) ചേർത്തല

33. 'യോഗദർശന'ത്തിന്റെ ഉപജ്ഞാതാവ് :
(A) പതഞ്ജലി
(B) കപിലൻ
(C) കണാദൻ
(D) ഗൗതമൻ

34. ചുവടെ കൊടുത്തിരിക്കുന്നവയിൽ മുഗൾ ചക്രവർത്തി ഷാജഹാനുമായി ബന്ധമില്ലാത്തത് :
(A) ഫത്തേപ്പൂർ സിക്രി
(B) താജ്മഹൽ
(C) ഡൽഹി ജുമാ മസ്ജിദ്
(D) ചെങ്കോട്ട

35. ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന സാമൂഹിക പരിഷ്ക്കർത്താവ് :
(A) സഹോദരൻ അയ്യപ്പൻ
(B) കുമാരനാശാൻ
(C) അയ്യൻകാളി
(D) കെ. കേളപ്പൻ

www.pscnet.in fb.com/pscnet.in

36. ബംഗാൾ വിഭജനം നടന്ന വർഷം :
(A) 1906
(B) 1905
(C) 1805
(D) 1911

37. 1905 ൽ പന്തളം കേരളവർമ്മയുടെ പത്രാധിപത്യത്തിൽ ആരംഭിച്ച പ്രസിദ്ധീകരണം :
(A) കേരള കൗമുദി
(B) കലാകൗമുദി
(C) ഭാഷാപോഷിണി
(D) കവനകൗമുദി

38. കേരളത്തിലെ ഏറ്റവും ചെറിയ നദി :
(A) ചന്ദ്രഗിരിപ്പുഴ
(B) മഞ്ചേശ്വരം പുഴ
(C) ഭവാനിപ്പുഴ
(D) പമ്പാ നദി

39. ഇന്ത്യ സ്വന്തമായി വികസിപ്പിച്ചെടുത്ത ആദ്യത്തെ മിസൈൽ :
(A) അഗ്നി
(B) ധനുഷ്
(C) പൃഥ്വി
(D) സൂര്യ

40. 'യവനപ്രിയ' എന്ന പേരിൽ അറിയപ്പെടുന്ന കേരളീയ കാർഷിക ഉത്പന്നം :
(A) ഏലം
(B) കറുവപ്പട്ട
(C) ഗ്രാമ്പൂ
(D) കുരുമുളക്

41. കേരള നിയമസഭയുടെ ഇപ്പോഴത്തെ ഡെപ്യൂട്ടി സ്പീക്കർ :
(A) എൻ. ശക്തൻ
(B) ജോസ് ബേബി
(C) ജി. കാർത്തികേയൻ
(D) എൻ. സുന്ദരനാടാർ

42. ഓട്ടമത്സരമായ 'മാരത്തോണി'ന് ഔദ്യോഗികമായി അംഗീകരിച്ച ദൂരം :
(A) 24 മൈൽ 385 വാര
(B) 26 മൈൽ 385 വാര
(C) 22 മൈൽ 385 വാര
(D) 28 മൈൽ 385 വാര

43. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതുമായി ബന്ധപ്പെട്ടതാണ് കൽപ്പാത്തി-ശുചീന്ദ്രം സത്യാഗ്രഹങ്ങൾ?
(A) അയിത്തോച്ചാടനം
(B) സ്വാതന്ത്ര്യസമരം
(C) ഭൂപരിഷ്കരണം
(D) അടിമ-വിമോചനസമരം

44. കേരളത്തിലെ ഏക കേന്ദ്രസർവ്വകലാശാല ആസ്ഥാനം സ്ഥിതിചെയ്യുന്നത് ഏത് ജില്ലയിലാണ്?
(A) കോഴിക്കോട്
(B) തിരുവനന്തപുരം
(C) കോട്ടയം
(D) കാസർഗോഡ്



www.pscnet.in fb.com/pscnet.in

45. ദക്ഷിണേന്ത്യയിൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തിയ സാമൂഹിക പരിഷ്കർത്താവ് :

(A) വാഗ്ഭടാനന്ദൻ (B) ശ്രീനാരായണ ഗുരു

(C) വൈകുണ്ഠ സ്വാമികൾ (D) സ്വാമി ആനന്ദതീർത്ഥൻ

46. 'ഷൺമുഖദാസൻ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന സാമൂഹിക പരിഷ്കർത്താവ് :

(A) വൈകുണ്ഠ സ്വാമികൾ (B) ചട്ടമ്പി സ്വാമികൾ

(C) സ്വാമി വിവേകാനന്ദൻ (D) കുമാരഗുരു

47. കേരളത്തിലെ പ്രാചീന തുറമുഖമായ പന്തലായനി ഏതു ജില്ലയിൽ സ്ഥിതിചെയ്യുന്നു?

(A) കൊല്ലം (B) ആലപ്പുഴ

(C) എറണാകുളം (D) കോഴിക്കോട്

48. 'ഗർഭശ്രീമാൻ' എന്ന വിശേഷണമുള്ള തിരുവിതാംകൂർ ഭരണാധികാരി :

(A) സ്വാതിതിരുനാൾ (B) ഉത്രാടം തിരുനാൾ

(C) ആയില്യം തിരുനാൾ (D) മാർത്താണ്ഡവർമ്മ

49. കേരളത്തിലെ ആദ്യ വ്യവസായ മന്ത്രി :

(A) ടി.വി. തോമസ് (B) കെ.സി. ജോർജ്ജ്

(C) കെ.പി. ഗോപാലൻ (D) കെ.ആർ. ഗൗരിയമ്മ

50. 'ജീവിതപ്പാത' ആരുടെ ആത്മകഥയാണ്?

(A) ചെറുകാട് (B) സി. കേശവൻ

(C) കെ.സി. ചാക്കോ (D) കേശവദേവ്

51. ഒരു ട്രാക്ടറിൽ ഡ്രൈവറെ കൂടാതെ കയറ്റികൊണ്ട് പോകാവുന്ന ആളുകളുടെ എണ്ണം :

(A) അറ്റൻഡർ (കിളി, സഹായി) മാത്രം (B) കർഷകനെ മാത്രം

(C) ഒരാളെ മാത്രം (D) ആരെയും കയറ്റുവാൻ പാടില്ല

52. നിങ്ങൾ ഓടിക്കുന്ന വാഹനം, ട്രാഫിക് പോലീസോ സിഗ്നലോ ഇല്ലാത്ത, രണ്ടു പ്രധാന റോഡുകൾ യോജിക്കുന്ന ഒരു നാൽക്കവലയിൽ എത്തുമ്പോൾ :

(A) മറ്റു മൂന്നു റോഡുകളിലുള്ള വാഹനം പോയി കഴിയുന്നവരെ കാത്തു നിൽക്കും

(B) സിഗ്നൽ കാണിച്ച് ഹോൺ മുഴക്കി ശ്രദ്ധിച്ചു കടന്നു പോകും

(C) വലതു വശത്ത് നിന്നു വരുന്ന വാഹനങ്ങളെ കടത്തി വിട്ട് ആവശ്യമായ സിഗ്നൽ കാണിച്ച് മുന്നോട്ട് പോകും

(D) സീനിയോറിറ്റി നോക്കി പോകും

53. കെട്ടി വലിക്കുന്നതും വലിക്കപ്പെടുന്നതുമായുള്ള വാഹനങ്ങൾ തമ്മിലുള്ള അനുവദിച്ചിട്ടുള്ള കൂടിയ ദൂരം :
    (A) നിശ്ചയിച്ചിട്ടില്ല
    (B) 3 മീറ്റർ
    (C) 5 മീറ്റർ
    (D) 7 മീറ്റർ

54. ഒരു ഹസാർഡ്സ് വാഹനത്തിന്റെ നിറം :
    (A) മുൻവശവും പിറകുവശവും ഹൈവെ മഞ്ഞ
    (B) കറുപ്പും മഞ്ഞയും ഇടവിട്ട് മുമ്പിലും പിറകിലും
    (C) ചുവപ്പുനിറം മുമ്പിലും പിറകിലും കൂടാതെ അപായ ചിഹ്നവും
    (D) കാമ്പിൽ ഓറഞ്ചു നിറവും ബോഡി വെള്ളത്ത നിറവും

55. ഡിഫൻസീവ് ഡ്രൈവിംഗ് എന്നാലെന്ത്?
    (A) റോഡ് ഉപയോഗിക്കുന്ന മറ്റുള്ളവരിൽ നിന്നും നിയമലംഘനമുണ്ടായി അപകടം സംഭവിച്ചേക്കാം എന്ന മുൻകരുതലോടെ സ്വയം രക്ഷാർത്ഥം വാഹനം ഓടിക്കുന്നത്
    (B) മിലിറ്ററി ഡ്രൈവർമാർ പാലിക്കേണ്ട റോഡ് നിയമം
    (C) പോലീസ്, പട്ടാളം, ആംബുലൻസ് തുടങ്ങിയ വാഹനങ്ങൾക്ക് ലക്ഷ്യസ്ഥാനത്ത് പാഞ്ഞെത്തുവാൻ ഉള്ള നിയമം
    (D) ഇതൊന്നുമല്ല

56. ഒരു ട്രാൻസ്പോർട്ട് വാഹനം യാത്രക്കാർക്കോ പൊതുജനങ്ങൾക്കോ ആ സ്ഥലം ഉപയോഗിക്കുന്ന മറ്റുള്ളവർക്കോ തടസ്സമോ, അസൗകര്യമോ ഉണ്ടാക്കുന്നവിധം പണിമുടക്കിന്റെയോ പ്രതിഷേധത്തിന്റെയോ സൂചനയായി വാഹനം നിറുത്തിയിട്ടാൽ :
    (A) ലേബർ ഓഫീസിൽ ചർച്ചചെയ്ത് തീരുമാനിക്കേണ്ട വിഷയമാണ്
    (B) ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനോ, ക്യാൻസൽ ചെയ്യുന്നതിനോ പര്യാപ്തമായ കുറ്റമാണ്
    (C) ഡ്രൈവറുടെ അവകാശമാണ്
    (D) പിഴമാത്രം ഈടാക്കി തീർക്കാവുന്ന കുറ്റമാണ്

57. റിയർ വ്യൂ മിറർ :
    (A) കോൺകേവ് മിറർ
    (B) കോൺവെക്സ് മിറർ
    (C) പ്ലെയിൻ മിറർ
    (D) മാഗ്നിഫൈയിംഗ് മിറർ

58. 100 സെ.മീ. വരെ പുറകിലേക്ക് തള്ളി നിൽക്കുവാൻ അനുവദിച്ചിരിക്കുന്നത് :
    (A) ഫയർ ഫോർസിന്
    (B) ട്രാക്ടറിന്
    (C) കേബിൾ ടി.വി.ക്കാരുടെ വാഹനത്തിന്
    (D) ചരക്കു വാഹനത്തിന്

59. ടെയിൽ ഗേറ്റിംഗ് എന്നാൽ :
    (A) ലെവൽ ക്രോസിൽ ആളില്ലാതെ പ്രവർത്തിക്കുന്ന ഗേറ്റ്
    (B) വാഹനത്തിന്റെ പിറകിൽ പിടിപ്പിച്ചിട്ടുള്ള ഡോർ
    (C) ടെയിൽ ലാംബ്
    (D) മുന്നിൽ പോകുന്ന വാഹനത്തിനു പിന്നാലെ അപകടമായ രീതിയിൽ അടുപ്പിച്ച് വാഹനം ഓടിക്കുന്നത്

60. 80 കി.മീ. വേഗതയിൽ കൂടുതൽ വേഗത അനുവദിച്ചിട്ടുള്ള വാഹനം :

(A) മന്ത്രിമാരുടെ വാഹനം (B) പോലീസ് വാഹനം

(C) അനുവദിച്ചിട്ടില്ല (D) എസ്കോർട്ട് വാഹനം

61. താഴെ പറയുന്നവയിൽ ടയർ സൈസ് അല്ലാത്തത് :

(A) 1000 × 20 (B) 900 × 20

(C) 825 × 20 (D) 725 × 20

62. രജിസ്ട്രേഷൻ നമ്പർ പ്ലെയിറ്റിൽ അക്കങ്ങളുടെ വലിപ്പം :

(A) 60 × 10 × 10 (B) 65 × 10 × 10

(C) 65 × 10 × 8 (D) 60 × 12 × 10

63. MSM :

(A) മിറർ സിഗ്നൽ മന്യൂർ (B) മൈൽ സ്പീഡ് മീറ്റർ

(C) മീറ്റർ സ്പീഡ് മൈൽ (D) മന്യൂർ സിഗ്നൽ മിറർ

64. ———— കൂടിയ വേഗതയിൽ കാർ കാൽനടക്കാരനെ തട്ടിയാൽ മരണം ഉറപ്പാണ്.

(A) 45 കി.മീ. (B) 50 കി.മീ.

(C) 40 കി.മീ. (D) 35 കി.മീ.

65. ———— കൂടിയ വേഗതയിൽ കാർ കാൽനടക്കാരനെ തട്ടിയാൽ മരണ സാദ്ധ്യതയുണ്ട്.

(A) 25 കി.മീ. (B) 35 കി.മീ.

(C) 30 കി.മീ. (D) 40 കി.മീ.

66. ഹെവി വാഹനം എന്നാൽ :

(A) ബസ്സ്, ലോറി

(B) G.V.W. – 12000 കിലോഗ്രാമിൽ കൂടുതൽ

(C) 40 ൽ കൂടുതൽ ആളുകളെ കയറ്റാവുന്ന യാത്രാവാഹനമോ 10 ടണ്ണിൽ കൂടുതൽ ഭാരമുള്ള ചരക്കു വാഹനമോ

(D) ഇതൊന്നുമല്ല

67. ബ്രേക്ക് ചെയ്യുമ്പോൾ നടക്കുന്ന ഊർജ്ജമാറ്റം :

(A) ഗതികോർജ്ജം താപോർജ്ജമായി മാറുന്നു

(B) ഗതികോർജ്ജം യാന്ത്രികോർജ്ജമായി മാറുന്നു

(C) യാന്ത്രികോർജ്ജം ഗതികോർജ്ജമായി മാറുന്നു

(D) താപോർജ്ജം യാന്ത്രികോർജ്ജമായി മാറുന്നു

www.pscnet.in fb.com/pscnet.in

68. മോട്ടോർ വാഹന നിയമം 185 :
   (A) അമിത വേഗതയിൽ വാഹനം ഓടിക്കുന്നത് സംബന്ധിച്ച്
   (B) അമിത ലോഡ് കയറ്റി വാഹനം ഓടിക്കുന്നത് സംബന്ധിച്ച്
   (C) മദ്യപിച്ച് വാഹനം ഓടിക്കുന്നത് സംബന്ധിച്ച്
   (D) ഡ്രൈവിംഗ് ലൈസൻസില്ലാതെ വാഹനം ഓടിക്കുന്നത് സംബന്ധിച്ച്

69. അധികാരികൾ വാഹനം പിടിച്ചെടുക്കുന്നത് :
   (A) റോഡ് ടാക്സ് അടക്കാതെ ഓടിച്ചാൽ
   (B) ഇൻഷ്വറൻസില്ലാതെ ഓടിച്ചാൽ
   (C) അധികാരികൾക്ക് തോന്നുമ്പോൾ
   (D) ഗ്ലാസ്സുകളിൽ സൺഫിലിം ഒട്ടിച്ചാൽ

70. NH 47 (A) ദൂരം :
   (A) 210 km
   (B) 110 km
   (C) 81 km
   (D) 5.9 km

71. NH 49 :
   (A) സേലം-കന്യാകുമാരി
   (B) ഇടപ്പള്ളി-മംഗലാപുരം
   (C) കൊച്ചി-മധുര
   (D) തിരുവനന്തപുരം-ബാംഗ്ലൂർ

72. ചരക്കു വാഹനത്തിൽ തറനിരപ്പിൽ നിന്ന് കയറ്റാവുന്ന ലോഡിന്റെ ഉയരപരിധി :
   (A) 4 മീറ്റർ
   (B) 5 മീറ്റർ
   (C) 4.2 മീറ്റർ
   (D) 3.8 മീറ്റർ

73. ശിക്ഷാർഹനായ ഡ്രൈവറുടെ രക്തത്തിൽ മദ്യത്തിന്റെ അളവ് :
   (A) മദ്യം 30 mg ൽ കൂടുതൽ/100 ml രക്തം
   (B) മദ്യം 10 mg ൽ കൂടുതൽ/10 ml രക്തം
   (C) മദ്യം 50 mg ൽ കൂടുതൽ/100 ml രക്തം
   (D) മദ്യം 20 mg ൽ കൂടുതൽ/100 ml രക്തം

74. CNG :
   (A) കാർബൺ ന്യൂട്രൽ ഗ്യാസ്
   (B) കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ്
   (C) കംപ്രസ്ഡ് ന്യൂട്രൽ ഗ്യാസ്
   (D) ഇതൊന്നുമല്ല

75. DMRC :
   (A) ഡയറക്റ്റ് മോട്ടോർ റോഡ് കോർപ്പറേഷൻ
   (B) ഡൽഹി മോട്ടോർ റോഡ് കോർപ്പറേഷൻ
   (C) ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ
   (D) ഇതൊന്നുമല്ല

76. KL-63 സൂചിപ്പിക്കുന്നത് :
   (A) അങ്കമാലി
   (B) കാസർഗോഡ്
   (C) കാഞ്ഞങ്ങാട്
   (D) സുൽത്താൻ ബത്തേരി



www.pscnet.in fb.com/pscnet.in

77. R.T.A. ബോർഡ് ചെയർമാൻ :
(A) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (B) ട്രാൻസ്പോർട്ട് കമ്മീഷണർ
(C) സുപ്രണ്ട് ഓഫ് പോലീസ് (D) ജില്ലാ കളക്ടർ

78. സ്റ്റേജ് കാരിയേജിൽ ടേപ്പ്റിക്കാർഡർ അനുവദനീയമാണ് :
(A) ശരി
(B) തെറ്റ്
(C) ദേശഭക്തി ഗാനങ്ങൾ ആലപിക്കാൻ അനുവദനീയമാണ്
(D) യാത്രക്കാർ ആവശ്യപ്പെട്ടാൽ അനുവദനീയമാണ്

79. ചരക്കു ലോറിയുടെ മിനിമം ചാർജ്ജ് നിരക്ക് :
(A) 12 രൂപ/കി.മീ. (B) 16 രൂപ/കി.മീ.
(C) നിശ്ചയിച്ചിട്ടില്ല (D) 15 രൂപ/കി.മീ.

80. രണ്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുള്ള ജില്ല :
(A) കോഴിക്കോട് (B) തൃശ്ശൂർ
(C) കോട്ടയം (D) കൊല്ലം

81. സ്റ്റേജ് കാരിയേജിൽ സ്ത്രീകൾക്ക് സംവരണം ചെയ്ത സീറ്റുകൾ :
(A) 30% (B) 40%
(C) 33% (D) 25%

82. ഗ്രാബ് റെയിൽ :
(A) ട്രോളി ഉപയോഗിക്കുവാൻ വേണ്ടി താൽക്കാലികമായി ഉപയോഗിക്കുന്ന റെയിൽപാളം
(B) സ്റ്റേജ് കാരിയേജിൽ യാത്രക്കാർക്ക് പിടിക്കുവാൻ വേണ്ടി വാഹനത്തിന്റെ ഹുഡിനു താഴെ നീളത്തിൽ പിടിപ്പിച്ചിട്ടുള്ള കമ്പി
(C) വർക്ക്ഷോപ്പിൽ ഉപകരണങ്ങളും സാധനങ്ങളും ഒരു വശത്ത് നിന്ന് മറ്റു വശത്തേക്ക് കൊണ്ടുപോകുവാൻ പിടിപ്പിച്ച കമ്പിപാത
(D) ഇതൊന്നുമല്ല

83. ബാറ്ററിയിൽ ഉപയോഗിക്കുന്ന ആസിഡ് :
(A) സൾഫ്യൂരിക് ആസിഡ് (B) ഹൈഡ്രോക്ലോറിക് ആസിഡ്
(C) നൈട്രിക് ആസിഡ് (D) ഇതൊന്നുമല്ല

84. ഓട്ടോമൊബൈലിന്റെ പിതാവ് :
(A) കാൾ ബെൻസ് (B) നിക്കോളാസ് കുഗ്നട്ട്
(C) ഫോർഡ് (D) ഐസക് ന്യൂട്ടൻ

www.pscnet.in fb.com/pscnet.in

85. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദേശീയപാതകൾ കടന്നുപോകുന്ന സംസ്ഥാനം :
   (A) മഹാരാഷ്ട്ര (B) മദ്ധ്യപ്രദേശ്
   (C) ഉത്തർപ്രദേശ് (D) പഞ്ചാബ്

86. ഹെഡ് ഗിയർ എന്നാൽ :
   (A) ടോപ്പ് ഗിയർ (B) ഹൈ ഗിയർ
   (C) ഹെൽമറ്റ് (D) ഇതൊന്നുമല്ല

87. ഡ്രൈവിംഗ് ലൈസൻസില്ലാതെ കാലാവധി തീർന്ന് 30 ദിവസത്തിനുള്ളിൽ പുതുക്കുവാൻ അപേക്ഷിച്ചാൽ :
   (A) തുടർച്ചയായി പുതുക്കി കിട്ടും
   (B) പുതുക്കിയ തീയ്യതി മുതൽ വാലിഡിറ്റി കിട്ടും
   (C) പിഴ അടച്ചാൽ പുതുക്കി കിട്ടും
   (D) ടെസ്റ്റിനു ഹാജരായാൽ പുതുക്കി കിട്ടും

88. GCR :
   (A) ഗുഡ് സർവ്വീസ് റിക്കാർഡ് (B) ഗുഡ്സ് കാരിയേജ് റിക്കാർഡ്
   (C) ഗുഡ് സർട്ടിഫിക്കറ്റ് റിക്കാർഡ് (D) ഗുഡ് സർവ്വീസ് രജിസ്റ്റർ

89. ഗാംഗ് വേ :
   (A) തെമ്മാടികളുടെ വഴി
   (B) ഇടുങ്ങിയ പാത
   (C) വാഹനത്തിലുള്ളിൽ മുൻവശം മുതൽ പിൻവശം വരെ സഞ്ചരിക്കാനുള്ള വഴി
   (D) ഒരേ സമയം വാഹനങ്ങൾ ഒരുമിച്ച് പോകുവാൻ ആവശ്യമായ വീതിയുള്ള പാത

90. സ്കൂൾ വാഹനങ്ങളുടെ പരമാവധി വേഗത :
   (A) 40 km (B) 50 km
   (C) 60 km (D) 55 km

91. ഓട്ടോറിക്ഷയിൽ കയറ്റാവുന്ന പരമാവധി പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം :
   (A) 6 (B) 5
   (C) 8 (D) 4

92. 1, 3, 4, 2 :
   (A) ഡ്രൈവിംഗ് ലൈസൻസ് പുതുക്കുവാൻ അപേക്ഷിക്കുമ്പോൾ ഫോമുകൾ വക്കേണ്ട ക്രമം
   (B) ബാഡ്ജിന് അപേക്ഷിക്കുമ്പോൾ ഫോമുകൾ വക്കേണ്ട ക്രമം
   (C) ഫയറിംഗ് ഓർഡർ
   (D) ഇതൊന്നുമല്ല



www.pscnet.in fb.com/pscnet.in

93. നാഷണൽ പെർമിറ്റ് ലോറിയുടെ പ്രായം (കാലാവധി) :

(A) 5 വർഷം വരെ
(B) 10 വർഷം വരെ
(C) 15 വർഷം വരെ
(D) 12 വർഷം വരെ

94. ഡബിൾ ക്ലച്ച് സിസ്റ്റത്തെ സിംഗിൾ ക്ലച്ച് ആക്കുവാൻ ഉപയോഗിക്കുന്ന സിസ്റ്റം :

(A) ടർബോ
(B) സിൻക്രോമെഷ്
(C) പവർ
(D) ഇതൊന്നുമല്ല

95. സൺ ഗിയർ ഉള്ളത് :

(A) എഞ്ചിനിൽ
(B) ഗിയർ ബോക്സിൽ
(C) സ്റ്റിയറിംഗിൽ
(D) ഡിഫറൻഷ്യൽ യൂണിറ്റിൽ

96. റോഡിന്റെ അരികിലെ തുടർച്ചയായ മഞ്ഞവര :

(A) ഓവർടേക്കിംഗ് പാടില്ല
(B) ശ്രദ്ധയോട് മുന്നോട്ട് പോകുക
(C) പാർക്കിംഗ് പാടില്ല
(D) കാര്യേജ് വേ

97. ഹെവി മോട്ടോർ വാഹനത്തിന്റെ സ്കൂൾ പരിസരത്തെ പരമാവധി വേഗത :

(A) 40 കി.മീ.
(B) 15 കി.മീ.
(C) 25 കി.മീ.
(D) 10 കി.മീ.

98. മോട്ടോർ വാഹന നിയമം 113-ാം വകുപ്പ് :

(A) വേഗത പരിധി ലംഘിക്കുവാൻ പാടില്ല
(B) മദ്യപിച്ച് വാഹനമോടിക്കുവാൻ പാടില്ല
(C) റോഡ് ടാക്സ് അടക്കാതെ വാഹനമോടിക്കുവാൻ പാടില്ല
(D) ഓവർലോഡിംഗ് പാടില്ല

99. ഇരട്ട ടയർ ഒരു വീലിൽ ഉള്ള വാഹനത്തിൽ (ലോറി, ബസ്സ് ഇവയുടെ പുറകിലെ രീതിയിൽ) കൂടുതൽ തേഞ്ഞ ടയറിന്റെ സ്ഥാനം :

(A) അകത്ത്
(B) വലതുവശത്ത് മാത്രം
(C) പുറത്ത്
(D) ഇഷ്ടമുള്ളത് പോലെ

100. പബ്ലിക് സർവ്വീസ് വാഹനമോടിക്കുമ്പോൾ ഡ്രൈവർ പുകവലിക്കുന്നത് :

(A) താക്കീത് നൽകി ഒഴിവാക്കാവുന്ന കുറ്റമാണ്
(B) ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുവാൻ പര്യാപ്തമായ കുറ്റമാണ്
(C) കുറ്റകരമല്ല
(D) പിഴമാത്രം ഈടാക്കി ഒഴിവാക്കാവുന്ന കുറ്റമാണ്